<u>മി. സ്പീക്കർ</u>: ശ്രീ. വി. റ്റി. ബൽറാം, അങ്ങേയ്ക്ക് ചട്ടം 258 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്.

## വ്യക്തിപരമായ വിശദീകരണം

## ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിലെ പരാമർശം

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, കഴിഞ്ഞ ദിവസം ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുന്ന വേളയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ഒരു കാര്യം, അദ്ദേഹം തെറ്റിദ്ധാരണമൂലം പറഞ്ഞതാണെന്ന് ഞാൻ വിശ്വസിക്കുകയാണ്. പക്ഷേ അതെനിക്ക് അല്പം അപകീർത്തികരമായ തരത്തിൽ വന്നിട്ടുണ്ട്. അദ്ദേഹം ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു, 'ഇവിടെ ഇരിക്കുന്ന ബഹുഭൂരിപക്ഷ എം.എൽ.എ.മാരുടെ മണ്ഡലങ്ങളിലും ചുരുങ്ങിയത് നൂറ് കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഈ ബഡ്ജറ്റിലുണ്ട്. ഏതാനും പേരുടെ മണ്ഡലങ്ങളിൽ അത്രയ്ക്ക് പ്രവൃത്തികൾ വന്നിട്ടില്ല. ശ്രീ. വി. റ്റി. ബൽറാം വേണ്ടായെന്നുപറഞ്ഞ റോഡിനുപോലും ഞാൻ തുക വകയിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ വേണ്ടെന്ന് പറഞ്ഞതുകൊണ്ടല്ല ആ റോഡ് ആവശ്യമാണെന്നുള്ളതുകൊണ്ടാണ് തുക വകയിരുത്തിയത്. ശ്രീ. വി. റ്റി. ബൽറാമിന് ആ റോഡ് വേണ്ടെങ്കിലും ഞങ്ങൾക്ക് ആ റോഡ് വേണം.' ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തെറ്റിദ്ധാരണമൂലം

പറഞ്ഞതാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞാൻ അതിന്റെ തലേദിവസം ഈ സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ആ സബ്മിഷനിൽ ഞാൻ ആ പ്രസ്തുത റോഡ് വേണമെന്ന് വളരെ അക്കമിട്ട് പറയുകയും അതിനുവേണ്ടി മാത്രമാണ് ആ സബ്മിഷൻ ഉന്നയിച്ചതും. ഞാൻ അതൊന്ന് ഓടിച്ച് വായിക്കുകയാണ്.

മി. സ്പീക്കർ: സബ്മിഷൻ വീണ്ടും വായിക്കേണ്ട ആവശ്യമില്ല. അങ്ങ് പറഞ്ഞാൽ മതി.

ശ്രീ. വി. റ്റി. ബൽറാം: സർ, എന്റെ നിയോജകമണ്ഡലത്തിലെ പല പ്രധാനപ്പെട്ട റോഡുകളും തീർത്തും ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. അത്തരത്തിലുള്ള പ്രധാനപ്പെട്ട റോഡിന് ഇടക്കാല ബഡ്ജറ്റിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് മുതൽ എന്റെ മണ്ഡലത്തിലെ കുമ്പിടി, തൃത്താല, വി.കെ. കടവ്, പട്ടാമ്പി വഴി പട്ടാമ്പിയിൽ പുതിയ പാലമടക്കം ഷൊർണ്ണൂരിലേയ്ക്കുള്ള റോഡിന്റെ പ്രൊപ്പോസൽ ഉണ്ടായിരുന്നു.

മി. സ്പീക്കർ: വ്യക്തിപരമായി വിശദീകരിച്ചാൽ മതി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. റ്റി. ബൽറാം: സർ, അതിന്റെ പ്രവർത്തനങ്ങളും പഠനങ്ങളും ഡി.പി.ആർ. തയ്യാറാക്കുന്ന ജോലിയുമെല്ലാം പൂർത്തിയായ സ്ഥിതിക്ക് ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കണമെന്നാണ് എനിക്ക്

അഭ്യർത്ഥിക്കാനുള്ളത്. മാന്ദ്യവിരുദ്ധ പാക്കേജിൽനിന്ന് നീക്കിവയ്ക്കാതെ, ബഡ്ജറ്റിൽ തുക വകയിരുത്തുന്ന പ്രവൃത്തിയായി ഈ വർഷംതന്നെ ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അടിസ്ഥാനപരമായി നമ്മളൊക്കെ ഓരോ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് വരുന്നവരാണല്ലോ. സ്വന്തം നിയോജക മണ്ഡലത്തിലെ വികസന പദ്ധതി വേണ്ടായെന്ന തരത്തിൽ ഞാൻ പറഞ്ഞതായി സഭയിലെ മറ്റ് അംഗങ്ങൾക്ക് തെറ്റിദ്ധാരണയുണ്ടാകരുത്. ഈ സഭാരേഖകൾ പരിശോധിക്കുന്ന പുറത്തുള്ള ആളുകൾക്കും തെറ്റിദ്ധാരണ ഉണ്ടാകരുത് എന്നുള്ളതുകൊണ്ടാണ് ഞാനിത് വിശദീകരിച്ചതെന്ന് അറിയിക്കുകയാണ്.

(ക്രമപ്രശ്നങ്ങൾ)